**ഖുത്ത്ബ നമ്പർ 44**

بسم الله الرحمن الرحيم O نحمده اونصلى علىٰ رسوله الكريم O وعلىٰ عبده المسيح الموعود


# ജുമുഅ ഖുത്ത്ബ 2011 നവംബർ 04

## ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ഖലീഫത്തുൽ മസീഹ് അൽഖാമിസ് ايده الله تعالىٰ بنصره العزيز


വിവർത്തനം: സുൽത്താൻ നസീർ വാണിയമ്പലം




Baitul Futuh, London

ഹദ്റത്ത് മസീഹ് മൗഊദ് (അ) ഒരു സ്ഥലത്ത് പറയുന്നു. ഈ വിനീതൻ ഈ സന്ദേശം അല്ലാഹുവിന്റെ സൃഷ്ടികളിലേക്ക് എത്തിക്കുകയെന്ന ഉദ്ദേശ്യത്തോട് കൂടി മാത്രമാണ് അയക്കപ്പെട്ടിരിക്കുന്നത്. അതായത് ലോകത്ത് നിലവിലുള്ള മതങ്ങളിൽ വിശുദ്ധ ഖുർആൻ കൊണ്ടുവന്ന മതമാണ്. സത്യത്തിലും അല്ലാഹുവിന്റെ പ്രീതിയിലുമതിഷഠിതമാണ്. മോക്ഷത്തിന്റെ ഭവനത്തിൽ പ്രവേശിക്കുന്നതിനുള്ള കവാടം **ലാഇലാഹ ഇല്ലല്ലാഹ് മുഹമ്മദുറ്റസൂലുല്ലാഹ്** ആണ്. ഈ കാലഘട്ടത്തിൽ വിശുദ്ധ ഖുർആന്റെ അധ്യാപനങ്ങൾ ലോകത്ത് പ്രചരിപ്പിക്കേണ്ട അല്ലാഹുവിന്റെ ഫയൽമാൻ വിശുദ്ധ ഖുർആന്റെ അധ്യാപനങ്ങൾ ലോകത്തിലെ ഓരോ നിവാസിക്കും അവന്റെ ഭാഷയിൽ എത്തിക്കേണ്ടിയിരുന്നു. ഈ വിശുദ്ധ ഖുർആന്റെ പ്രേമി, മുഹമ്മദ് മുസ്തഫ (സ) യുടെ ദാസൻ അദ്ദേഹത്തിന്റെ പേര് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി (അ) എന്നാണ്. അദ്ദേഹം തന്നെയാണ് അല്ലാഹുവിന്റെ **ലാ ഇലാഹ ഇല്ലല്ലാഹ്** യുടെ പതാക ലോകത്ത് പറത്തിക്കൊണ്ട് മാർഗഭ്രംശം സംഭവിച്ച മനുഷ്യർക്ക് മോക്ഷത്തിന്റെ മാർഗം കാണിച്ചുകൊടുക്കേണ്ടിയിരുന്ന ആ പോരാളി. അദ്ദേഹത്തിന്റെ ആത്മീയ വിജ്ഞാനത്താൽ നിറഞ്ഞ സാഹിത്യവും അദ്ദേഹത്തിന്റെ ജീവിതത്തിലെ ഓരോ നിമിഷവും അദ്ദേഹം അദ്ദേഹത്തിൽ ഏൽപ്പിച്ച ജോലി പൂർണ്ണമായ നിലയിൽ നിറവേറ്റിയെന്നതിന് സാക്ഷിയാണ്. ആ കാലഘട്ടത്തിൽ അദ്ദേഹത്തിന്റെ പക്കൽ വളരെ കുറഞ്ഞ നിലയിൽ പോലും ഭൗതിക സാധനസാമഗ്രികൾ ഉണ്ടായിരുന്നില്ല. അത്തരം അവസ്ഥയിൽ ഇത്ര വലിയ ജോലി നിറവേറ്റൽ ഒരു അനായാസ പ്രവർത്തിയായിരുന്നില്ല. എന്നാൽ അല്ലാഹുവിന്റെ വരിഷ്ഠ ദാസർക്ക് പൂർണ്ണമായ വിജയം അല്ലാഹുവിൽ മാത്രമായിരിക്കും ഉണ്ടായിരിക്കുക. മസീഹ് മൗഊദ് (അ) തന്നിൽ ഏൽപ്പിക്കപ്പെട്ട ഈ ജോലിക്കായി യാതൊരുവിധ ഭൗതിക വസ്തുക്കളെയും മധ്യവർത്തിയായി അവലംബിച്ചില്ല. മറിച്ച് ആവശ്യാനുസരണം അല്ലാഹുവിനോട് ചോദിച്ചു അല്ലാഹു എല്ലാ അവസരങ്ങളിലും അദ്ദേഹത്തെ സഹായിച്ചു. എന്നാൽ ഭൗതികമായിട്ടുള്ള ഏർപ്പാടുകളെ അവലംഭിക്കുകയെന്നതും അല്ലാഹുവിന്റെ കൽപനയാണ്. അതനുസരിച്ച് അദ്ദേഹം തന്റെ പ്രിയപ്പെട്ടവരോടും അനുയായികളോടും വിവിധ അവസരങ്ങളിൽ ത്യാഗത്തിനായി ആഹ്വാനം ചെയ്തു. അതിൽ ധനത്യാഗവും ഉണ്ടായിരുന്നു. എന്നാൽ ഒരിക്കലും മറ്റുള്ളവരിൽ മാത്രം വിശ്വാസമർപ്പിച്ചില്ല. അല്ലാഹുവിന്റെ വരിഷ്ഠ ദാസരുടെയും പ്രവാചകന്മാരുടെയും എല്ലായിപ്പോഴത്തെയും ചര്യയനുസരിച്ച് അവർ അവരിൽ ഏൽപ്പിച്ച ജോലിക്കായി ത്യാഗത്തിന് ആഹ്വാനം ചെയ്യുന്നു. ഇതേപോലെ അദ്ദേഹവും ആഹ്വാനം ചെയ്യുകയുണ്ടായി. എന്നാൽ എല്ലായിപ്പോഴും എന്റെ ദൃഢവിശ്വാസം അല്ലാഹുവിൽ ആണ് എന്നാണ് പറഞ്ഞത്. ആരാണോ ഈ മഹത്തായ പ്രവർത്തനം എന്നെ ഏൽപ്പിച്ചത് അതിന്റെ പൂർത്തീകരണത്തിന്റെ വാഗ്ദാനവും എന്നോട് ചെയ്തിരിക്കുന്നു. ഉപദ്വീപിലെ വിദൂരമായ ഒരു ചെറിയ പ്രദേശത്ത് താമസിക്കുന്ന വ്യക്തിയിലൂടെ അല്ലാഹു വിശുദ്ധ ഖുർആന്റെ അധ്യാപനങ്ങളെ പ്രചരിപ്പിക്കുകയെന്ന ജോലിയും **ലാഇലാഹ ഇല്ലല്ലാഹ്** യുടെ മഹത്വം ഹൃദയങ്ങളിൽ സ്ഥാപിതമാക്കുകയെന്ന ജോലിയും എന്നെ ഏൽപ്പിച്ചിരിക്കുന്നു എന്ന പ്രഖ്യാപനം ഒരു സാധാരണ പ്രഖ്യാപനമായിരുന്നില്ല. പിന്നീട് ലോകം ദർശിക്കുകയുണ്ടായി. ഈ സന്ദേശം ആ ഗ്രാമത്തിൽ നിന്നും പുറപ്പെട്ട് ഇന്ത്യയിലെ വലിയ വലിയ പട്ടണങ്ങളിലും കോണുകളിലും മാത്രമല്ല വ്യാപിച്ചത് മറിച്ച് യൂറോപ്പിലും അമേരിക്കയിലും വരെയെത്തി. ഇസ്ലാമിന്റെ മഹത്വം ഹൃദയത്തിൽ സ്ഥാപിതമാകാൻ തുടങ്ങി. വലിയ വലിയ പാതിരിമാർ മറ്റു മത നേതാക്കന്മാർ. ഇസ്ലാമിന്റെ എതിരാളികൾ തങ്ങളുടെ സങ്കൽപത്തിൽ ശക്തരും സമ്പന്നരുമായിരുന്നു. എന്നാൽ അദ്ദേഹത്തിനെതിരിൽ അല്ലെങ്കിൽ അദ്ദേഹത്തിന്റെ വഴിയിൽ വന്നപ്പോൾ ഒന്നുകിൽ അപമാനിതരായിത്തീർന്നു. അതല്ലെങ്കിൽ അല്ലാഹുവിന്റെ തഖ്ദീർ അവരെ നശിപ്പിച്ചുകളഞ്ഞു. ഇസ്ലാമിന്റെ ഏതിരാളികളുടെ അപമാനത്തിന്റെ ഈ ദൃശ്യം ഉപദ്വീപിലെ ഇന്ത്യയും പാക്കിസ്ഥാനും മാത്രമല്ല കണ്ടത് മറിച്ച് യൂറോപ്പും അമേരിക്കയും കണ്ടു. എന്നാൽ ഈ ദൃശ്യം കണ്ടിട്ടും കണ്ണുതുറക്കാതെ എതിർപ്പിൽ കൂടുതൽ മുന്നേറിയ മുസ്ലിം പണ്ഢിതൻമാരുടെയും പീറുകളുടെയും അവസ്ഥയിൽ അഹോ കഷ്ടം. എന്നാൽ അല്ലാഹുവിന്റെ തഖ്ദീറിനെ ഒരിക്കലും നേരിടാൻ സാധ്യമല്ല.

അന്യുരടെയും സ്വന്തമാളുകളുടെയും ഈ എതിർപ്പും ശത്രുതയും കൃഷിക്കും വൃക്ഷങ്ങൾക്കും വെള്ളവും വളവും ചെയ്യുന്ന പ്രയോജനം മുമ്പും ചെയ്തിരുന്നു. ഇന്നും ചെയ്തുകൊണ്ടിരിക്കുന്നു. ഇന്നുവരെ നാം ആ ദൃശ്യം കണ്ട്കൊണ്ടിരിക്കുന്നു. എപ്പോഴെങ്കിലും എവിടെയെങ്കിലും ഏതെങ്കിലും വിധത്തിൽ ജമാഅത്തിനെ അടിച്ചമർത്താൻ ശ്രമിക്കുമ്പോൾ അല്ലാഹുവിന്റെ ഈ ഫയൽമാന്റെ ജമാഅത്ത് അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് അവകാശികളായിക്കൊണ്ട് ഒരു പുതിയ പ്രഭാവങ്ങളോടെ പുരോഗതിയുടെ പുതിയ ലക്ഷ്യങ്ങൾ നേടുന്നവരായി മാറുന്നു.

അല്ലാഹുവിന്റെ ഈ അനുഗ്രഹം എല്ലായിപ്പോഴും ജമാഅത്തിനോടൊപ്പം ഉണ്ടാകാനുള്ള കാരണം ജമാഅത്ത് മസീഹ് മൗഊദ് (അ) ഏതൊരു ലക്ഷ്യത്തിന് വേണ്ടിയാണോ അവതീർണരായത് അതിന് എല്ലായിപ്പോഴും മുൻഗണന നൽകിയെന്നതാണ്. ജമാഅത്ത് അംഗങ്ങൾ ഹദ്റത്ത് മസീഹ് മൗഊദ് (അ) അൽവസിയ്യത്ത് എന്ന ഗ്രന്ഥത്തിൽ പറഞ്ഞ ഈ നിർദ്ദേശത്തിന് എപ്പോഴും മുൻഗണന നൽകി. അതായത്, ഭൂമിയുടെ വ്യത്യസ്ഥങ്ങളായ പ്രദേശങ്ങളിൽ നിവസിക്കുന്ന ആത്മാക്കളെയും യൂറോപ്പും ഏഷ്യയുമെന്നല്ല സദ്പ്രകൃതക്കാരായ എല്ലാവരെയും തൗഹീദിലേക്ക് വലിച്ചടുപ്പിക്കാൻ അദ്ദേഹം ആഗ്രഹിക്കുന്നു. തന്റെ ദാസരെ ഏകമതത്തിൽ ഒരുമിച്ച് കൂട്ടാൻ ആഗ്രഹിക്കുന്നു. അല്ലാഹുവിന്റെ ഈ ഉദ്ദേശത്തിനായിട്ടാണ് ഞാൻ ലോകത്തേക്ക് അയക്കപ്പെട്ടിരിക്കുന്നത്. അത്കൊണ്ട് നിങ്ങൾ ഈ ലക്ഷ്യത്തെ അനുധാവനം ചെയ്യുക. എന്നാൽ

സ്നേഹത്തോടും സൽസ്വഭാവത്തോടും ദുആയിൽ ശ്രദ്ധയൂന്നിക്കൊണ്ടും ലോകത്തെ ഏക മതത്തിൽ ഒരുമിച്ച് കൂട്ടി തൗഹീദിൽ നിലനിർത്താൻ, വിശുദ്ധ ഖുർആന്റെ ഭരണം ലോകത്ത് സ്ഥാപിക്കാൻ അതിന്റെ അധ്യാപനങ്ങൾ ലോകത്ത് പ്രചരിപ്പിക്കാൻ സദ്പ്രകൃതക്കാരെ റസൂൽ തിരുമേനി (സ) യുടെ പതാകക്ക് താഴെ ഒരുമിച്ച് കൂട്ടാൻ ഈ വിശാലമായ മഹത്തായ ജോലിയാണ് ഹദ്റത്ത് മസീഹ് മൗഊദ് (അ) തന്റെ ജമാഅത്തിനെ ഏൽപ്പിച്ചിരിക്കുന്നത്. എന്നാൽ ഈ ജോലി തങ്ങളുടെ അവസ്ഥകളിൽ പരിശുദ്ധമായ മാറ്റം വരുത്താതെയും ത്യാഗങ്ങളില്ലാതെയും ദുആ ചെയ്യാതെയും സാധ്യമല്ല. ഏതുവരെ നാം ഇതിനുവേണ്ടി പരിശ്രമിക്കുന്നുവോ അതുവരെ അല്ലാഹു ജമാഅത്തിന് വിധിച്ചിരിക്കുന്ന ഈ പുരോഗതി കണ്ട്കൊണ്ടിരിക്കും. ഇന്നുവരെ ജമാഅത്തിന്റെ പ്രഭാവവും സൗന്ദര്യവും ഇതാണ്. ഈ ലക്ഷ്യം കരസ്ഥമാക്കിക്കൊണ്ട് ജമാഅത്ത് ഒരു ജമാഅത്ത് എന്ന നിലയിൽ മുന്നോട്ട് കുതിച്ചുകൊണ്ടിരിക്കുന്നു. തങ്ങളിൽ പരിശുദ്ധമായ മാറ്റം ഉണ്ടാക്കിയെടുക്കാനായി പരിശ്രമിച്ചുകൊണ്ട് അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കാൻ പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. അതിനായി ത്യാഗങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നു. ഈ ലക്ഷ്യം നേടുന്നതിനായി ദുആയിലേക്ക് ശ്രദ്ധയുണ്ടായാൽ ഇൻശാഹ് അല്ലാഹ് എല്ലായിപ്പോഴും നാം പുരോഗതിയുടെ ദൃശ്യം കണ്ട്കൊണ്ടിരിക്കും. ജമാഅത്തിന്റെ ശ്രദ്ധയെ ഈ ലക്ഷ്യം നേടുന്നതിനായി ക്ഷണിച്ചപ്പോഴെല്ലാം ജമാഅത്ത് അല്ലാഹുവിന്റെ അനുഗ്രഹത്താൽ ലബ്ബൈക്ക് പറഞ്ഞിട്ടുണ്ട്. മുമ്പത്തേക്കാൾ ഉപരിയായി ജമാഅത്ത് ഇസ്ലാമിന്റെ പുരോഗതിക്കായി ദുആയിൽ മുഴുകിയിട്ടുണ്ട്. മറ്റു ത്യാഗങ്ങളും ചെയ്യാൻ തുടങ്ങി. കഴിഞ്ഞ ദിവസം ഞാൻ നഫൽ നോമ്പിലേക്കും ദുആയിലേക്കും ശ്രദ്ധ ക്ഷണിച്ചപ്പോൾ എനിക്ക് വരുന്ന കത്തുകളിൽ നിന്ന് മനസ്സിലാക്കാൻ സാധിക്കുന്നു അതിരില്ലാത്ത ആവേശത്തോടെ ജമാഅത്ത് ഈ കാര്യത്തിലേക്ക് ശ്രദ്ധിക്കുകയും ലബ്ബൈക്ക് പറയുകയും ചെയ്തിട്ടുണ്ട്. എല്ലാവരും ദുആയിൽ മുഴുകിയിരിക്കുകയാണ്. പാക്കിസ്ഥാനികളല്ലാത്ത ആഫ്രിക്കക്കാരും യൂറോപ്പിലെ ആളുകളും അമേരിക്കയിലെ ആളുകളും പാക്കിസ്ഥാനി സമുദായത്തിൽ പെടാത്തവരും ദുആയിലേക്ക് ശ്രദ്ധിക്കുകയുണ്ടായി. തങ്ങളുടെ പാക്കിസ്ഥാനി സഹോദരങ്ങൾക്കായി എന്നല്ല ഏതെങ്കിലും വിധത്തിൽ ബുദ്ധിമുട്ടനുഭവിക്കുന്ന അല്ലെങ്കിൽ ബുദ്ധിമുട്ട് അടിച്ചേൽപ്പിക്കപ്പെടുന്ന എല്ലാ അഹ്മദികൾക്ക് വേണ്ടിയും ദുആയിൽ മുഴുകി. സാമ്പത്തിക ത്യാഗത്തിലേക്ക് ശ്രദ്ധ ക്ഷണിച്ചപ്പോൾ സാമ്പത്തിക ത്യാഗങ്ങളിൽ മുന്നേറി അവരുടെ മാതൃക കാണുമ്പോൾ അത്ഭുതപ്പെട്ട് പോകുന്നു. ഏതെല്ലാം വിധത്തിലാണ് ദീനിന് വേണ്ടിയുള്ള ത്യാഗത്തിൽ ഇവർ മുന്നേറിക്കൊണ്ടിരിക്കുന്നത്. ഈ കാലഘട്ടത്തിൽ ഇസ്ലാമിന്റെ തബ്ലീഗിനായി സാഹിത്യം പുസ്തകം എന്നിവയുടെ പ്രസിദ്ധീകരണം അനിവാര്യമാണ്. മുബല്ലിഗീങ്ങളെ നിശ്ചയിക്കേണ്ടതുണ്ട്. മിഷൻ ഹൗസുകൾ നിർമ്മിക്കേണ്ടതുണ്ട്. ഇന്നത്തെ അതിവേഗ കാലഘട്ടിൽ മാധ്യമങ്ങളിലെ പുതിയ കണ്ടുപിടുത്തങ്ങളെ ഉപയോഗിക്കണം. ഇതിനെല്ലാം സാമ്പത്തിക ത്യാഗം അനിവാര്യമാണ്. ഇന്ന് എം.ടി.എ മാത്രം തബ്ലീഗിന്റെ ഒരു വിശാലമായ മാർഗമായി മാറിയിരിക്കുന്നു.അതിനായി ഈ സമയത്ത് വ്യത്യസ്ഥമായ നാല് സാറ്റലൈറ്റുകൾ പ്രയോജനപ്പെടുത്തിക്കൊണ്ടിരിക്കുന്നു. അതുമൂലം അഹ്മദിയ്യത്ത് അഥവാ യഥാർഥ ഇസ്ലാമിന്റെ സന്ദേശം എത്തിച്ചേരാതെ ലോകത്തിലെ ഒരു കോണുപോലും ബാക്കിയായിട്ടില്ല. എന്നുമാത്രമല്ല ഏഴ് എട്ട് വലിയ ഭാഷകളിൽ ഈ സന്ദേശം എത്തിക്കൊണ്ടിരിക്കുന്നു. ഇത് തബ്ലീഗിന്റെ ഒരു വലിയ മാർഗ്ഗമാണ്. ഇസ്ലാമിന്റെ സന്ദേശം എത്തിക്കാനുള്ള ഹദ്റത് മസീഹ് മൗഊദ് (അ) ന്റെ നിയോഗ ലക്ഷ്യം കരഗതമാകുന്നതിനുള്ള ഒരു വലിയ മാർഗ്ഗമാണ്. അതിന്നായി ധനത്യാഗം ആവശ്യമാണ്. ജമാഅത്ത് മുമ്പത്തേക്കാൾ ഉപരിയായിട്ട് ചെയ്ത്കൊണ്ടിരിക്കുന്നു. ഇന്ന് ഞാൻ രീതിയനുസരിച്ച് തഹ്രികെ ജദീദിന്റെ നവ വർഷ വിളംബരം ചെയ്യും. ഹദ്റത് മസീഹ് മൗഊദ് (അ) ഈ പദ്ധതി തുടങ്ങിയ അവസരത്തിൽ അഹ്മദിയ്യത്തിന്റെ എതിരാളികൾ ഹദ്റത് മസീഹ് മൗഊദ് (അ) കൊണ്ടുവന്ന സന്ദേശത്തെ ലോകത്ത് നിന്ന് തുടച്ച് നീക്കും എന്ന പ്രഖ്യാപനമാണ് നടത്തിയിരുന്നത്. എന്നാൽ അതിനു മറുപടി എന്ന നിലയിൽ ഹദ്റത്ത് മുസ്ലിഹ് മൗഊദ് ഈ സന്ദേശം ലോകത്തിന്റെ കോണുകളോളം എത്തിക്കുന്നതിനായി സാമ്പത്തിക ത്യാഗത്തിന് ആഹ്വാനം ചെയ്തപ്പോൾ ഒരു ആവേശഭരിതമായ ദൃശ്യം ലോകം കാണുകയുണ്ടായി. ഇന്ന് നാം അല്ലാഹുവിന്റെ അനുഗ്രഹത്താൽ ലോകത്തിലെ 200 രാഷ്ട്രങ്ങളിൽ ഉണ്ട്. ഞാൻ പറഞ്ഞത്പോലെ എം.ടി.എ യിലൂടെ മാത്രം ലോകത്ത് ഒരു വിപ്ലവം നടന്ന്കൊണ്ടിരിക്കുകയാണ്. ഹദ്റത് മസീഹ് മൗഊദ് (അ) പറഞ്ഞത്പോലെ ഖിലാഫത്തിന്റെ തണലിൽ അദ്ദേഹത്തിന്റെ ലക്ഷ്യം നിറവേറ്റുന്നതിനായി ജമാഅത്ത് ത്യാഗങ്ങൾ നൽകിക്കൊണ്ടിരിക്കുന്നു. പ്രവാചക സ്നേഹത്തിന്റെ വാദമുന്നയിക്കുന്ന മുസ്ലീംങ്ങൾ അല്ലാഹുവിന്റെ ഈ തഖ്ദീറിനെ മനസ്സിലാക്കുകയും തൗഹീദിന്റെ സംസ്ഥാപനത്തിനും വിശുദ്ധ ഖുർആന്റെ അധ്യാപനങ്ങൾ ലോകത്ത് പ്രചരിപ്പിക്കുന്നതിനും റസൂൽ തിരുമേനി (സ) യുടെ ഭരണം ലോകത്ത് സ്ഥാപിക്കുന്നതിനും വേണ്ടി ഈ അല്ലാഹുവിന്റെ പോരാളിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കാൻ തങ്ങളെ സമർപ്പിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നേനെ. പിന്നീട് അവരുടെ നഷ്ടപ്പെട്ട അടിവേര് എങ്ങനെയാണ് ഇറക്കുന്നത് എന്ന് നോക്കുക. വലിയ വലിയ ശക്തികൾ എങ്ങനെയാണ് പിന്നീട് അവരെ ബഹുമാനിക്കുന്നതെന്ന് നോക്കുക. പിന്നീട് നോക്കുക ഏതെങ്കിലും നിർഭാഗ്യവാനായ കാർട്ടൂണിസ്റ്റിനോ മാസികയുടെ എഡിറ്റർക്കോ മറ്റാർക്കെങ്കിലുമോ റസൂൽ തിരുമേനി (സ) യുടെ പേരിൽ ഏതെങ്കിലും വിധത്തിലുള്ള അനാവശ്യം പ്രകടിപ്പിക്കാനുള്ള ധൈര്യം തന്നെയുണ്ടാകില്ല.

ഏതാനും ദിവസങ്ങൾക്ക് മുമ്പ് ഫ്രാൻസിൽ ഒരു മാസിക ഒരു നീചമായ പ്രവർത്തി ചെയ്തിരിക്കുന്നു. അത്മൂലം നമ്മുടെ ഹൃദയത്തിന് മുറിവേറ്റു. ഫ്രാൻസിലെ ജമാഅത്തിനോട് ഞാൻ ഇതിനെതിരിൽ നിയമപരിധയിൽ നിന്ന് കൊണ്ട് പിരതിരോധം നടത്താനും അവർക്ക് മനസ്സിലാക്കിക്കൊടുക്കാനും പൊതുജനങ്ങളെ താക്കീദ് ചെയ്യാനും പറഞ്ഞിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങളിലൂടെ അല്ലാഹുവിന്റെ പിടുത്തമുണ്ടാകും. അല്ലാഹുവിന്റെ പിടുത്തത്തിൽ നിന്ന് രക്ഷപെടാൻ ശ്രമിക്കും. ഇന്ന് ലോകം അതല്ലാതെ തന്നെ നാശത്തിലേക്കാണ് പോയിക്കൊണ്ടിരിക്കുന്നത്. ചില സ്ഥലങ്ങളിൽ ആപത്തുകളാണെങ്കിൽ മറ്റു ചില സ്ഥലങ്ങളിൽ സാമൂഹിക അധപതനമാണ് നടന്ന്കൊണ്ടിരിക്കുന്നത്. ഇതിനുള്ള കാരണം അല്ലാഹുവിനെ മറന്നു എന്നുള്ളതാണ്. അവന്റെ പ്രിയപ്പെട്ടവരെക്കുറിച്ച് നീചവും വികൃതവുമായ കാര്യങ്ങൾ പറയുന്നു. അവരെ പരിഹസിക്കുന്നു. അല്ലാഹുവിന്റെ ആത്മാഭിമാനത്തെയാണ് ഇവർ വെല്ലുവിളിക്കുന്നത്. ദൈവഭയം ലോകരിൽ ഉണ്ടാക്കിയെടുക്കേണ്ടതിന്റെ ആവശ്യകതയുണ്ട്. ഇന്ന് അഹ്മദികൾ ഈ ജോലി ചെയ്തുകൊണ്ടിരിക്കുന്നു. എന്നാൽ മുഴുവൻ മുസ്ലിംങ്ങളും ഈ യാഥാർഥ്യം മനസ്സിലാക്കിയിരുന്നെങ്കിൽ തങ്ങളുടെ ഇഹപരലോകങ്ങൾ മനോഹരമാക്കുന്നതോടൊപ്പം അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടെ അവകാശികളായിത്തീരുന്നതായിരിക്കും. ഇവർക്ക് ബുദ്ധി ലഭിച്ചിരുന്നെങ്കിൽ.

എന്നിരുന്നാലും ഞാൻ പറഞ്ഞതുപോലെ മുസ്ലിംങ്ങളിലെ ഒരു സംഘം അഹ്മദിയ്യത്തിനെ അവസാനിപ്പിക്കുന്നതിനെക്കുറിച്ച്

ഉച്ചൈസ്ഥരം വാദിച്ചപ്പോൾ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) അഹ്മദിയ്യത്ത് അഥവാ യഥാർഥ ഇസ്‌ലാമിനെ ലോകത്ത് പ്രചരിപ്പിക്കുന്നതിനായി ഒരു പദ്ധതി പ്രഖ്യാപിച്ചു. അതിൽ ജമാഅത്ത് അംഗങ്ങൾ, കുട്ടികളും സ്ത്രീകളും പുരുഷൻമാരും ലബ്ബൈക്ക് പറഞ്ഞു. ലബ്ബൈക്ക് പറഞ്ഞു കൊണ്ട് ത്യാഗത്തിന്റെ മാതൃകകൾ നിലനാട്ടി. ഇന്ന് നാം ലോകത്ത് തഹ്‌രീകെ ജദീദിന്റെ ഫലം ഉണ്ടായതായി കാണുന്നു. മറിച്ച് ലോകത്ത് അല്ലാഹുവിന്റെ അനുഗ്രഹത്താൽ അഹ്മദിയ്യത്തിന്റെ ഫലം നിറഞ്ഞ് തൂങ്ങിയ വൃക്ഷം നിലകൊള്ളുന്നതായി കാണുന്നു. ഈ ത്യാഗങ്ങളുടെ ഫലമായി വിവിധങ്ങളായ നിർബന്ധ ചന്ദകളിലും മറ്റു പദ്ധതികളിലും ജമാഅത്ത് അംഗങ്ങൾ ത്യാഗങ്ങൾ ചെയ്യുന്നത് പോലെ തന്നെ തഹ്‌രീകെ ജദീദിലും അസാധാരണമായ ത്യാഗങ്ങൾ ചെയ്യുന്നു. ഇന്ന് ലോകം സാമ്പത്തിക പ്രതിസന്ധിയാൽ വേട്ടയാടപ്പെട്ടിരിക്കുമ്പോൾ അഹ്മദികൾ ചെയ്യുന്ന ഈ സാമ്പത്തിക ത്യാഗം കാണുമ്പോൾ അല്ലാഹുവിനെ അളവറ്റ നിലയിൽ സ്തുതിച്ചു പോകുന്നു. ഹദ്റത് മസീഹ് മൗഊദ് (അ) ന്റെ ഈ വാക്കുകൾ ഓർമ്മവരുന്നു. ജമാഅത്തിന്റെ ആത്മാർഥതയും സ്നേഹവും ഈമാനിക ആവേശവും കാണുമ്പോൾ സ്വയം നമുക്ക് അത്ഭുതം തോന്നിപ്പോകുന്നു. സാന്ദർഭികമായി സാമ്പത്തിക പ്രതിസന്ധിയെക്കുറിച്ച് ഇത് കൂടി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇത് എവിടെപോയി അവസാനിക്കും എന്നും എത്രമാത്രം ഇത് രൂക്ഷമാകും എന്നും ഇപ്പോൾ പറയാൻ സാധ്യമല്ല. അതുകൊണ്ട് അഹ്മദികൾ എല്ലായിപ്പോഴും കുറച്ച് ദിവസത്തേക്കുള്ള സാധനങ്ങൾ വീടുകളിൽ സംഭരിച്ച് വെക്കേണ്ടതാണ്. ദരിദ്രരാജ്യങ്ങളിൽ ഇത്തരം അവസ്ഥകൾ സഹിക്കുന്ന ശീലം അവിടെയുള്ളവർക്ക് ഉണ്ട്. എന്തെങ്കിലും കുറച്ച് അവർ സംഭരിച്ച് വെക്കാറുമുണ്ട്. എന്നാൽ ഈ രാജ്യങ്ങളിൽ ഇത്തരം ശീലങ്ങളില്ല. ഇവർക്കറിയില്ല പ്രതിസന്ധിയെന്താണെന്ന്. ഇവർ അവസാന പ്രതിസന്ധി രണ്ടാം ലോക മഹായുദ്ധത്തിലാണ് കണ്ടത്. അതിന് ശേഷം കണ്ടിട്ടില്ല. അതുകൊണ്ട് ഇവരുടെ പുതിയ തലമുറക്ക് എന്ത് സംഭവിക്കും എന്ന ഒരു വിചാരവുമില്ല. ..... അഹ്മദികൾ തങ്ങളാൽ കഴിയുന്നത്ര എന്തെങ്കിലും കുറച്ച് റേഷൻ വീടുകളിൽ സ്വരൂപിച്ച് വെക്കേണ്ടതാണ്.

എന്നിരുന്നാലും ലോകത്തിന് അവരുടെ സ്രഷ്ടാവിനെ മനസ്സിലാക്കാനുള്ള തൗഫീഖ് അല്ലാഹു നൽകട്ടെയെന്നും അല്ലാഹുവിന്റെ പിടുത്തത്തിൽ നിന്നും അവർ രക്ഷപ്പെടട്ടെയെന്നും ദുആ ചെയ്യേണ്ടതാണ്. അല്ലാഹു അപ്രകാരം ആക്കിത്തീർക്കട്ടെ.

ഞാൻ വീണ്ടും ജമാഅത്തിന്റെ ആത്മാർത്തതയും കൂറും പ്രകടിപ്പിക്കുന്ന വിഷയത്തിലേക്ക് തിരിച്ചുവന്നുകൊണ്ട് അവരുടെ ധനത്യാഗത്തെക്കുറിച്ച് പറയാം. ഇതിൽ നിന്നും ലോകത്തിന്റെ എല്ലാ കോണുകളിലേയും സഹോദരങ്ങൾ വിവിധങ്ങളായ ധനത്യാഗപദ്ധതികളിൽ എങ്ങനെയുള്ള ആത്മാർത്ഥതയും കൂറിന്റെയും പ്രകടനമാണ് കാഴ്ചവെക്കുന്നതെന്ന് മനസ്സിലാക്കാം. ഈമാനിൽ പുരോഗമിക്കുന്നതിനായി എപ്രകാരമാണ് ത്യാഗത്തിനായി അരക്കെട്ടുറപ്പിക്കുന്നത്. ജമാഅത്തിനെ അവസാനിപ്പിക്കുമെന്ന് പറഞ്ഞിരുന്നവർ അവരെ ഇന്ന് എവിടെയും കാണാൻ സാധ്യമല്ല. അവരുടെ വാലാളികളും അവരുടെ പ്രകൃതമുള്ളവരും കാണട്ടെ ഹദ്റത് മസീഹ് മൗഊദ് (അ) ന്റെ ബൈഅത്തിൽ വന്നതിന് ശേഷം ഇസ്‌ലാമിന്റെ പുരോഗതിക്കായി എപ്രകാരമാണ് ദാരിദ്രമുണ്ടായിട്ടും ജനങ്ങൾ ത്യാഗങ്ങൾ ചെയ്യുന്നത് ആത്മാർഥതയുടെയും കൂറിന്റെയും മാതൃകകൾ കാണിക്കുന്നത്.

നമ്മുടെ ഐവറിക്കോസ്റ്റ് മുബല്ലിഗ് സാഹിബ് എഴുതുന്നു. നമ്മുടെ ഒരു സഹോദരൻ ആലിടോ വിദ്രാഗോ സാഹിബ് 2009 ന്റെ അവസാനത്തിൽ ബൈഅത്ത് ചെയ്തു. ബൈഅത്തിന്റെ ആദ്യദിവസം തന്നെ തന്റെ വരുമാനം കണക്കാക്കി ശറഅ് അനുസരിച്ച് ചന്ദ നൽകാൻ തുടങ്ങി. ഈ അവസരത്തിൽ അദ്ദേഹം ചന്ദയുടെ അളവറ്റ അനുഗ്രഹങ്ങൾ ദർശിച്ചു. ഒരു ദിവസം ജമാഅത്തിലെ പഴയ സഹോദരങ്ങളോട് ഈ അനുഗ്രഹത്തെക്കുറിച്ച് പറയുകയായിരുന്നു. ഈ പഴയ മെമ്പർമാരിൽ ഒരാൾ അദ്ദേഹം 2008 ലാണ് ബൈഅത്ത് ചെയ്തിരുന്നത്. ഈ സംഭവങ്ങൾ കേട്ടതിനുശേഷം തന്റെ വക 2000 ഫ്രാങ്കിൽ നിന്നും വർദ്ധിപ്പിച്ച് 5000 ഫ്രാങ്കായി നിശ്ചയിക്കാൻ സമ്മതിച്ചു. പറയുന്നു. അദ്ദേഹം ആ ചന്ദ നൽകാൻ തുടങ്ങിയിരുന്നില്ല. തന്റെ വരുമാനത്തിൽ അസാധാരണമായ വർദ്ധനവ് അദ്ദേഹം കാണുകയുണ്ടായി. അങ്ങനെ ആ പഴയ മെമ്പർ എന്റെ അടുത്ത് വന്നു മുഴുവൻ സംഭവവും വിവരിച്ചതിന് ശേഷം അദ്ദേഹം പറഞ്ഞു. ഞാൻ 5000 ഫ്രാങ്കിംങ് നൽകാൻ സമ്മതിച്ചിരുന്നു എന്നാൽ ഞാൻ ഇന്നു മുതൽ 5000 ത്തിന് പകരമായി 10000 ഫ്രാങ്ക് സിഫ മാസം തോറും നൽകുന്നതായിരിക്കും. അതനുസരിച്ച് അദ്ദേഹം നൽകാനും തുടങ്ങി.ഇതുപോലുള്ള ഒരുപാട് മെമ്പർമാരുണ്ട് ചന്ദയിൽ മുന്നേറുന്നവരായി.

മിനിക്കുറാക്കയിലെ മുബല്ലിഗ് എഴുതുന്നു. യുവാവായ ബഹുമാനപ്പെട്ട മുഹമ്മദ് മലിഗ സാഹിബ് ഒരു നീണ്ട കാലം തബ്‌ലീഗ് ചെയ്തതിനുശേഷം അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജമാഅത്തിൽ പ്രവേശിച്ചു. ജോലിയുടെ അടിസ്ഥാനത്തിൽ ഇദ്ദേഹം ഒരു ആർക്കിടക്ക് എഞ്ചിനീയറാണ്. ബൈഅത്ത് ചെയ്യുമ്പോൾ ഇദ്ദേഹം ഒരു കൺസ്ട്രക്ഷൻ കമ്പനിയിൽ ജോലി ചെയ്യുകയായിരുന്നു. വളരെ കുറഞ്ഞ ശമ്പളമാണ് ലഭിച്ചിരുന്നത്. ബൈഅത്ത് ചെയ്തതിനുശേഷം അദ്ദേഹത്തിന് ജമാഅത്തിന്റെ സാമ്പത്തിക പദ്ധതികളെക്കുറിച്ച് പരിചയപ്പെടുത്തിയപ്പോൾ അദ്ദേഹം ചോദിച്ചു. ഈ ചന്ദകളിൽ ഏറ്റവും പ്രധാനപ്പെട്ട ചന്ദ ഏതാണ്. അദ്ദേഹത്തോട് പറഞ്ഞു. ചന്ദ വസിയ്യത്തും ചന്ദ ആമും ചന്ദ ജലസാസലാനയും ഇത് മസീഹ് മൗഊദ് (അ) ന്റെ കാലഘട്ടിൽ ആരംഭിച്ചതാണ്. വസിയ്യത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് അദ്ദേഹത്തോട് പറഞ്ഞ ഉടനെ പറഞ്ഞു. ഞാൻ ആ പദ്ധതിയിൽ ചേരാം. അങ്ങനെ അദ്ദേഹം അൽവസിയ്യത്ത് എന്ന ഗ്രന്ഥം വായിച്ചു. അതിന് ശേഷം വസിയ്യത്ത് ചെയ്തു. വളരെ വിശ്വസ്ഥതയോടെ തന്റെ ശമ്പളത്തിന്റെ പത്തിലൊരു ഭാഗം ചന്ദ നൽകാൻ തുടങ്ങി. വസിയ്യത്തിന്റെ അംഗീകാരം വരാൻ അൽപം സമയമെടുക്കുകയും. ആ അംഗീകാരം വരുന്നതുവരെ തുടർച്ചയായി ചന്ദ നൽകിക്കൊണ്ടിരുന്നു. പിന്നീട് കുറച്ച് കാലത്തിന് ശേഷം മറ്റു സാമ്പത്തിക പദ്ധതികളിലും ഭാഗവാക്കായി. പിന്നീട് കുറച്ച് കാലത്തിന് ശേഷം കമ്പനി ഉപേക്ഷിച്ചു. സ്വയം വ്യാപാരം തുടങ്ങി. ഇപ്പോൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഒരു കമ്പനിയുടെ ഉടമസ്ഥനാണ്. മുഴുവൻ രാജ്യത്തും തന്റെ വിശ്വസ്ഥതകൊണ്ട് പ്രസിദ്ധനാണ്. അതുമൂലം അദ്ദേഹത്തിന്റെ വ്യാപാരവും വളരെ തിളങ്ങുന്നതായി മാറി. എല്ലാവരുടെയും മുമ്പിലിരുന്ന് ഒരു മടിയും കൂടാതെ പറയാറുണ്ട്. ഈ അനുഗ്രഹങ്ങളെല്ലാം എനിക്ക് ഹദ്റത് മസീഹ് മൗഊദ് (അ) ന്റെ ജമാഅത്തിൽ പ്രവേശിച്ചത്കൊണ്ടും വസിയ്യത്ത് പദ്ധതിയിൽ പ്രവേശിച്ചത് കൊണ്ടുമാണ് ലഭിച്ചത്.

ഘാനയിൽ നിന്നും നമ്മുടെ മുബല്ലിഗ് ഇബ്രാഹിം സയ്യിദ് സാഹിബ് എഴുതുന്നു. ഒരു സഹോദരൻ അൽഹാജ് അൽജതെ ഒരു തബ്‌ലീഗി പര്യടനത്തിൽ എന്നോടൊപ്പം ടോഗോയിൽ വന്നു. അവിടെ നൈജ്യൻ എന്ന സ്ഥലത്ത് അവർ വെയിലത്ത് നിന്ന് ളുഹർ അസർ നമസ്ക്കരിച്ചു. അൽഹാജ് മുഹമ്മദ് അത്ഭുതത്തോടെ പറഞ്ഞു. ഈ ആളുകൾക്കായി പള്ളി നിർമ്മിച്ച് നൽകേണ്ടത് അവരുടെ അവകാശമാണ്. വളരെ ചെറിയ ഒരു ഗ്രാമവും ചെറിയ ജമാഅത്തുമാണ്. അങ്ങനെ അദ്ദേഹം വളരെ വലിയ ത്യാഗം ചെയ്ത് ഒരു മനോഹരമായ പള്ളി അവർക്ക് വേണ്ടി

നിർമ്മിച്ച് നൽകി. അൽഹാജ് സാഹിബ് നല്ല ഒരു സമ്പന്നനാണ്. ഈ പള്ളിയിൽ 300 പേർക്ക് നമസ്ക്കരിക്കാൻ സാധിക്കും. ഇപ്പോൾ ആ പള്ളിയിൽ മിനാരവും ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. കാരണം ഇത് വളരെ വിദൂരത്തുള്ള ഒരു പ്രദേശമാണ്. അവിടെ എത്തിച്ചേരുക വളരെ ബുദ്ധിമുട്ടുള്ള കാര്യമാണ്. എന്നിരുന്നാലും അൽഹാജ് സാഹിബ് സ്വയം ബുദ്ധിമുട്ട് അനുഭവിച്ച് പണം ചിലവഴിച്ച് നിർമ്മാണത്തിനുള്ള സാധനങ്ങൽ അവിടെ എത്തിച്ച്കൊണ്ടിരിക്കുന്നു.

ഐവറികോസ്റ്റിലെ സദർ ലജ്ന പറയുന്നു. ഈ വർഷം മജ്‌ലിസ് ശൂറയിൽ ജമാഅത്ത് അഹ്മദിയ്യ ഐവറികോസ്റ്റിന്റെ 50-ാം വർഷ ജൂബിലിയുടെ അവസരത്തിൽ കേന്ദ്ര മസ്ജിദിന്റെ നിർമ്മാണത്തിനായി ചന്ദ നൽകാൻ ആഹ്വാനം ചെയ്തു. ലജ്ന മെമ്പർമാരെ കണ്ടപ്പോൾതന്നെ ഓരോ ലക്ഷം ഫ്രാങ്കിസിഫയുടെ വാഗ്ദാനം നൽകി. പറയുന്നു. നമ്മുടെ സെക്രട്ടറി തഹ്‌രീകെ ജദീദ് ഒരു മുഖ്‌ലിസായ അഹ്മ്മദിയാണ്. അവർ ഉടൻ തന്നെ ഒരു ലക്ഷം ഫ്രാങ്ക്സിഫ നൽകുകയും ചെയ്തു. അവരെ സംബന്ധിച്ചിടത്തോളം ഇത് വളരെ വലിയ ഒരു സംഖ്യയാണ്. അവരുടെ കറൻസി അനുസരിച്ച് ഒരു ലക്ഷമാണ്. ഇത് വെറും 139 പൗണ്ട് മാത്രമാണ്. എന്നാൽ ആഫ്രിക്കയെ സംബന്ധിച്ചെടത്തോളം ഇത് വളരെ വലിയ ഒരു സംഖ്യയാണ്. കാരണം ആ വനിതക്ക് പച്ചക്കറികളുടെ ഒരു ചെറിയ കടമാത്രമാണ് ഉണ്ടായിരുന്നത്. വളരെ പ്രാരാബ്ധമുള്ള ഒരു വനിതയാണ്.

ബെക്കിനോഫാസയിലെ അമീർ സാഹിബ് എഴുതുന്നു. ബാമ്‌ല എന്നു പേരുള്ള ജമാഅത്തിലെ ഒരു സുഹൃത്ത് അത്താര അബ്ദുറഹീം സാഹിബ് നമ്മുടെ ഒരു മിഷിനറിയുടെ പ്രസംഗം കേട്ട് പ്രതിജ്ഞ ചെയ്യുകയുണ്ടായി. തീർച്ചയായും ഞാൻ ദരിദ്രനാണ്. ധാന്യങ്ങളല്ലാതെ ജീവിത മാർഗം മറ്റൊന്നുംതന്നെയില്ല. എന്നാൽ എന്റെ പ്രതിജ്ഞ ഇതാണ് ഇനി എല്ലാ മാസവും 100 ഫ്രാങ്ക്സിഫ ചന്ദ നിർബന്ധമായും നൽകുന്നതായിരിക്കും. ഇതിന് ഏതാനും ദിവസങ്ങൾ കഴിഞ്ഞപ്പോൾ മഴയുടെ കുറവ് നേരിടേണ്ടി വന്നു. എല്ലാ ജനങ്ങളും ഇതുമൂലം വ്യാകുലരാകാൻ തുടങ്ങി. എന്നാൽ ഇദ്ദേഹം പറയുന്നു. എല്ലാവരും എന്നിൽ ദർശിച്ച ഒരു കാര്യം അത് എന്റെ വിളവായിരുന്നു. അത് അല്ലാഹുവിന്റെ അനുഗ്രഹത്താൽ വളരെ നല്ലതായിരുന്നു. ഇത് ചന്ദയെക്കുറിച്ചുള്ള എന്റെ ഈമാനെ കൂടുതൽ വർദ്ധിപ്പിച്ചു. ഞാൻ ഇനി 6000 ഫ്രാങ്ക്സിഫ തഹ്‌രീഖെ ജദീദിൽ നൽകും എന്ന് പ്രതിജ്ഞ ചെയ്തു. ഈ പ്രതിജ്ഞ ചെയ്ത് ഏതാനും ദിവസം മാത്രം കഴിഞ്ഞപ്പോൾ വിളവെടുപ്പിന്റെ സമയം വന്നു. എന്റെ കൃഷിയുടെ വിളവ് തികച്ചും വ്യത്യസ്ഥമായതും വളരെ അധികവുമായിരുന്നു. അപ്പോൾ ഞാൻ വിചാരിച്ചു. അസാധാരണമായി ഉണ്ടായ വിളവെല്ലാം തന്നെ ചന്ദയുടെ അനുഗ്രഹം കൊണ്ട് ഉണ്ടായതുകൊണ്ട് അത്കൊണ്ട് ഞാൻ എന്റെ തഹ്‌രീഖെ ജദീദിന്റെ ചന്ദ വർദ്ധിപ്പിച്ച് 12000 ഫ്രാങ്ക് സിഫയാക്കി.

ബൊക്കിനോഫാസോയിൽ അമീർ സാഹിബ് തന്നെ എഴുതുന്നു. സൂരി എന്നുപേരുള്ള ഗ്രാമത്തിലെ ഒരു അഹമ്മദിയായ വൃദ്ധൻ കാഗോറെ സാഹിബ് തന്റെ കുടുംബത്തിലെ ഏക അഹ്മ്മദിയാണ്. അദ്ദേഹം സ്വയം പറയുന്നു. ഒരു നീണ്ട കാലഘട്ടം തന്റെ പ്രായം മൂലമുള്ള ബലഹീനതകൾ കൊണ്ടും വിവിധങ്ങളായ രോഗങ്ങൾകൊണ്ടും നമസ്ക്കാരം അനുഷ്ഠിക്കുന്നതിൽ ബലഹീനനായിരുന്നു. ഇത് മൂലം ഓരോ നിമിഷവും അദ്ദേഹത്തിന് ദുഖമുണ്ടായിരുന്നു. ഈ വർഷം ബൈഅത്തിന് ശേഷം 70000 ഫ്രാങ്ക്സിഫ അദ്ദേഹം ചന്ദയായി നൽകി.പറയുന്നു.ചന്ദ നൽകിയ ഉടനെ തന്നെ കാലാകാലമായി മോശമായിരുന്ന ആരോഗ്യം തിരിച്ചുവരാൻ തുടങ്ങി. നഷ്ടപ്പെട്ടിരുന്ന നമസ്ക്കരിക്കാനുള്ള തൗഫീഖ് ലഭിച്ചു. ഏതുവരെയെന്നാൽ എല്ലാ നമസ്ക്കാരവും തഹജ്ജുദും നമസ്ക്കരിക്കാനുള്ള തൗഫീഖ് ലഭിച്ചുകൊണ്ടിരിക്കുന്നു. അദ്ദേഹം പറയുന്നു. ഇതെല്ലാം അല്ലാഹുവിന്റെ അനുഗ്രഹവും എന്റെ ധനത്യാഗത്തിന്റെ അനുഗ്രഹവും കൊണ്ടാണ് ഉണ്ടായത്. ചന്ദകൾ നമസ്ക്കരിക്കാനുള്ള തൗഫീഖ് നൽകി.

ഓസ്ട്രേലിയായിലെ അമീർ സാഹിബ് പറയുന്നു. 2010 നവംബറിൽ തഹ്‌രീകെ ജദീദിന്റെ പുതിയ വർഷം വിളംബരം ചെയ്തപ്പോൾ ഓസ്ട്രേലിയൻ തഹ്‌രീകെ ജദീദ് വിഭാഗത്തിന് ഞാൻ നൽകിയ നിർദേശത്തിന്റെ വെളിച്ചത്തിൽ എല്ലാ ജമാഅത്തുകളെയും തഹ്‌രീകെ ജദീദിന്റെ ധനത്യാഗപദ്ധതിയിൽ മുന്നോട്ട് ഗമിക്കുന്നതിലേക്ക് ശ്രദ്ധ ക്ഷണിക്കുകയുണ്ടായി. ജമാഅത്തെ അഹ്മ്മദിയ്യ മെൽബൺ ഞങ്ങൾ രണ്ടിരട്ടിയും എന്ന് വാഗ്ദാനം ചെയ്തു. അങ്ങനെ അവർ ഒരുപാട് പരിശ്രമിച്ചു. അല്ലാഹുവിന്റെ അനുഗ്രഹം കൊണ്ടുമാത്രം കഴിഞ്ഞ വർഷത്തേക്കാൾ 164% വർദ്ധനവോടുകൂടി തങ്ങളുടെ ചന്ദ നൽകി. ജമാഅത്ത് അഹ്മ്മദിയ്യ ക്യാൻബറ കഴിഞ്ഞ വർഷത്തേക്കാൾ 75% വർദ്ധനവ് വരുത്തി തങ്ങളുടെ ചന്ദ നൽകി. അതുപോലെ കൂട്ടായ ത്യാഗത്തിലും ജമാഅത്ത് മുന്നേറിക്കൊണ്ടിരിക്കുന്നു.

നമ്മുടെ ഇൻസ്പെക്ടർ തഹ്‌രീഖെ ജദീദ് ഇന്ത്യ എഴുതുന്നു. ഫെബ്രുവരി മാസത്തിൽ വിനീതൻ വക്കീൽ മാൽ സാഹിബിനോടൊപ്പം തമിഴ്നാട് സ്റ്റേറ്റിൽ പര്യടനത്തിലായിരുന്നു. ഞങ്ങൾ ജമാഅത്ത് അഹ്മ്മദിയ്യ കോയമ്പത്തൂരിൽ എത്തിയപ്പോൾ മഗ്‌രിബ് നമസ്കാരാനന്തരം ഒരു തർബിയ്യത്ത് യോഗം സംഘടിപ്പിച്ചു. ഇതിൽ വക്കീലുൽ മാൽ സാഹിബ് തഹ്‌രീക്കെ ജദീദിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും അതിന്റെ പാശ്ചാത്തലത്തെക്കുറിച്ചും വളരെ വിശദമായി സംസാരിച്ചു. യോഗത്തിന് ശേഷം പള്ളിയിലുണ്ടായിരുന്ന എല്ലാ സഹോദരങ്ങളിൽ നിന്നും പുതിയ വർഷത്തേക്ക് വാഗ്ദാനം എഴുതിച്ചു. ഒരു മുഖ്‌ലിസായ സഹോദരന്റെ കഴിഞ്ഞ വർഷത്തെ വാഗ്ദാനം 2000 രൂപയായിരുന്നു. പുതിയ വർഷത്തിൽ വക്കീലുൽ മാൽ സാഹിബ് ഒരു ലക്ഷം രൂപ വാഗ്ദാനം എഴുതിക്കാൻ പറഞ്ഞു. അദ്ദേഹത്തിന്റെ സാമ്പത്തിക സ്ഥിതി നല്ലതായിരുന്നില്ല. പൊതുവിൽ കേരളത്തിലെ ആളുകൾ സമ്പന്നരാണെങ്കിൽ പോലും, ആദ്യം അദ്ദേഹം ചില നിർബന്ധിതാവസ്ഥകളെക്കുറിച്ച് പറഞ്ഞു. പിന്നീട് ത്യാഗത്തിനായി തയ്യാറായി. ആ സമയത്ത് അദ്ദേഹത്തോടൊപ്പം അദ്ദേഹത്തിന്റെ രണ്ട് വഖ്ഫെ നൗ പെൺകുട്ടികളും ഉണ്ടായിരുന്നു. മസ്ജിദിൽ നിന്നും ഇറങ്ങി സെക്രട്ടറി സാഹിബ് തഹ്‌രീകെ ജദീദിന്റെ വീട്ടിൽ പോയ ഉടൻ തന്നെ ഇൻസ്പെക്ടർ സാഹിബിന് ഒരു ലക്ഷം രൂപ വാഗ്ദാനം ചെയ്ത അദ്ദേഹത്തിന്റെ ഫോൺ വന്നു. പറഞ്ഞു.എന്റെ മൂത്ത മകൾ പറയുന്നു. അബ്ബ താങ്കൾ തഹ്‌രീകെ ജദീദിന്റെ വാഗ്ദാനം എഴുതിയത് അത് നമ്മെ സംബന്ധിച്ചെടത്തോളം കുറവാണ്. അത് കുറച്ച്കൂടി വർദ്ധിപ്പിച്ച് ഒന്നര ലക്ഷം ആക്കിയാലും അദ്ദേഹം പറഞ്ഞു.അതുകൊണ്ട് എന്റെ വാഗ്ദാനം ഒന്നരലക്ഷമായി എഴുതുക.

തഹ്‌രീകെ ജദീദിന്റെ പ്രിതിനിധി കശ്മീരിൽ പര്യടനം നടത്തിയപ്പോൾ ഇത് ഇന്ത്യയിലെ കശ്മീരാണ്. പറയുന്നു.ജമാഅത്ത് അഹ്മ്മദിയ്യ ആസ്നൂരിലെ ഒരു വൃദ്ധനായ മുസ്‌ലിഹായ സഹോദരനെ കണ്ടുമുട്ടി. അദ്ദേഹത്തിന്റെ ചിലവുകളും ചികിത്സ ചിലവുകളും ചുരുങ്ങിയ സർക്കാർ പെൻഷൻ കൊണ്ടാണ് നടന്ന് പോന്നിരുന്നത്. കുറച്ച് ദിവസങ്ങൾക്ക് മുമ്പ് മരുന്നുകൾക്കുള്ള ചിലവ് പെൻഷനേക്കാൾ കൂടിയിരുന്നു. അദ്ദേഹത്തിന്റെ അവസ്ഥ കണ്ട് അദ്ദേഹത്തിന്റെ ബഡ്ജറ്റിൽ വർദ്ധനവ് വരുത്തുന്നത് ശരിയായി ഞങ്ങൾക്ക് തോന്നിയില്ല. എന്നാൽ ദുആക്ക് ശേഷം ഞങ്ങൾ അദ്ദേഹത്തോട് വിട പറഞ്ഞപ്പോൾ അദ്ദേഹം ചോദിച്ചു.

താങ്കൾ വരാനുള്ള ഉദ്ദേശ്യം എന്താണെന്ന് പറഞ്ഞാലും. പ്രതിനിധി പറയുന്നു. വിനീതൻ അദ്ദേഹത്തിന് ചന്ദ തഹ്രീകെ ജദീദ് വർദ്ധനവിനെക്കുറിച്ച് ഞാൻ അവർക്ക് നൽകിയ നിർദേശം കേൾപ്പിച്ചു. ഇത് കേട്ട ഉടനെ അദ്ദേഹം പുതിയ ആവേശത്തോടെ പറയാൻ തുടങ്ങി. ഞാൻ ജീവിച്ചിരിക്കുന്നിടത്തോളം ഖലീഫത്തുൽ മസീഹിന്റെ കൽപനക്ക് ലബ്ബൈക്ക് പറഞ്ഞ്കൊണ്ടരിക്കും. ഇതു പറഞ്ഞുകൊണ്ടിരിക്കെ അദ്ദേഹത്തിന്റെ കണ്ണുകളിൽ നിന്ന് കണ്ണുനീർ വരാൻ തുടങ്ങി. അല്ലാഹു എന്റെ ഭൗതിക മരുന്നുകൾ ബജറ്റ് വർദ്ധിപ്പിച്ചിട്ടുണ്ട് എങ്കിൽ പിന്നെ ഞാൻ ആഖിറത്തിന്റെ ബജറ്റിൽ എന്തിന് കുറക്കണം. അങ്ങനെ ആ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം ബജറ്റിൽ വർദ്ധനവ് വരുത്തുക മാത്രമല്ല ചെയ്തത്. അപ്പോൾ തന്നെ ചന്ദയും നൽകി.

അഡീഷണൽ വക്കീലുൽ മാൽ പാക്കിസ്ഥാൻ എഴുതുന്നു. ഒരു സഹോദരൻ സിന്ധിൽ നിന്നും സിന്ധിലെ അവസ്ഥ വളരെ മോശമാണ് കഴിഞ്ഞ ദിവസങ്ങളിൽ ഉണ്ടായ മഴ കാരണം. അദ്ദേഹത്തിന്റെ വാഗ്ദാനം 5000 രൂപയായിരുന്നു. പറയുന്നു. ഞാൻ അദ്ദേഹത്തിന്റെ അവസ്ഥ കണ്ട് അദ്ദേഹം സമ്പന്നനായിരുന്നു എന്നാൽ വിളവുകളിൽ വളരെയധികം നഷ്ടം സംഭവിച്ചിരുന്നു. അദ്ദേഹത്തോട് പറഞ്ഞു. താങ്കളുടെ വാഗ്ദാനം വർദ്ധിപ്പിക്കേണ്ടതാണ്. അങ്ങനെ അദ്ദേഹം തന്റെ വാഗ്ദാനം 5 ലക്ഷം രൂപയാക്കി. അത് പണമായിത്തന്നെ അടച്ച്തീർക്കുകയും ചെയ്തു. ഏതാനും ദിവസങ്ങൾക്ക് ശേഷം ഫോൺ ചെയ്തു. അദ്ദേഹം തിരിച്ച് ഹൈദരാബാദിൽ വന്നിരുന്നു. ഫോൺ ചെയ്ത് പറഞ്ഞു. താങ്കൾ ഖലീഫത്തുൽ മസീഹിന്റെ പ്രതിനിധിയായതുകൊണ്ടാണ് എന്റെ അടുത്ത് വന്നിരുന്നത്. ഞാൻ 5 ലക്ഷത്തിന്റെ വാഗ്ദാനം നൽകിയിരുന്നു. താങ്കൾ എന്റെ അവസ്ഥ കണ്ട് അത്ര എഴുതാനാണ് പറഞ്ഞത് എന്നാൽ ഞാൻ മനസ്സിലാക്കുന്നത് ബൈഅത്തിന്റെ പ്രതിജ്ഞ ആവശ്യപ്പെടുന്നത് അതിൽ കൂടുതലായി വാഗ്ദാനം ചെയ്യണമെന്നാണ്. അങ്ങനെ അദ്ദേഹം 10 ലക്ഷത്തിന്റെ വാഗ്ദാനം നൽകി. വീട്ടിൽ ചെന്നപ്പോൾ അദ്ദേഹത്തോട് അദ്ദേഹത്തിന്റെ ഭാര്യ പറഞ്ഞു. എന്റെ ഭാഗത്ത് നിന്ന് എന്റെ ആഭരണങ്ങൾ ഞാൻ തഹ്രീകെ ജദീദിലേക്ക് നൽകാൻ ആഗ്രഹിക്കുന്നു. അദ്ദേഹത്തിന്റെ ഫോൺ വന്നു എന്റെ ഭാര്യ പറയുന്നു. ഇപ്പോൾ തന്നെ പോയി എന്റെ ആഭരണങ്ങൾ കേന്ദ്ര പ്രതിനിധിക്ക് നൽകിയാലും ഞാൻ ഇത് രാത്രിയിൽ എന്റെ പക്കൽ സൂക്ഷിക്കുന്നതല്ല. ഇദ്ദേഹവും അദ്ദേഹത്തിന്റെ ഭാര്യയെ ഫോണിൽ പറഞ്ഞ് മനസ്സിലാക്കി ഇപ്പോൾ രാത്രിയാണ് സിന്ധിലെ അവസ്ഥ വളരെ മോശമാണ് രാവിലെ കാണാം. എന്നാൽ അവർ ശാഠ്യം പിടിച്ചു. ഇത് ഇപ്പോൾ തന്നെ എനിക്ക് എത്തിക്കണം. അങ്ങനെ ഭർത്താവിന് നിർബന്ധിതാവസ്ഥയിൽ വരേണ്ടിവന്നു. എന്നാൽ നിയ്യത്ത് ചെയ്താൽ അല്ലാഹുവിന്റെ സമക്ഷത്തിൽ ആ വസ്തു എത്തുന്നതാണ്. അവസ്ഥ കണ്ട് ആവേശഭരിതരാകാൻ പാടുള്ളതല്ല. അവിടെ അവസ്ഥ രാത്രിയിൽ യാത്ര ചെയ്യാൻ മോശമാണെങ്കിൽ അല്ലാഹു അനുഗ്രഹിച്ചു ഒന്നും സംഭവിച്ചില്ല. എന്നിരുന്നാലും സൂക്ഷിക്കേണ്ടതാണ്. ഒരു കാരണവുമില്ലാതെ സ്വയം പരീക്ഷണത്തിൽ അകപ്പെടുത്താനും പാടുള്ളതല്ല.

കാർഗിസ്ഥാനിലെ ഒരു നവ അഹ്മദി സഹോദരനെക്കുറിച്ച് നമ്മുടെ മുബല്ലിഗെ സിൽസില എഴുതുന്നു. ജമാഅത്തിന്റെ കേന്ദ്ര മസ്ജിദിനും മിഷൻ ഹൗസിനുമായി ഒരു ഭൂമിയുടെ ഭാഗം അദ്ദേഹം വാങ്ങി നൽകി. അതോടൊപ്പം തന്നെ അതിനടുത്തുള്ള നിർമ്മാണത്തിലിരിക്കുന്ന ഒരു രണ്ടുനിലകെട്ടടവും വിലക്ക് വാങ്ങി നൽകി. പിന്നീട് മറ്റൊരു നഗരത്തിലും മസ്ജിദ് നിർമ്മിക്കുന്നതിനായ് പ്ലോട്ട് വിലക്ക് വാങ്ങി നൽകി.

ഇത് നവ അഹ്മ്മദി സഹോദരനാണ്. ഇതിനായി മൊത്തം അദ്ദേഹം നാല് ലക്ഷത്തി തൊണ്ണൂറ്റി അയ്യായിരം ഡോളർ ത്യാഗം ചെയ്തു.

ജർമ്മനിയിലെ സെക്രട്ടറി തഹ്രീകെ ജദീദ് എഴുതുന്നു. തഹ്രീകെ ജദീദിനെക്കുറിച്ച് ആഹ്വാനം ചെയ്യുകയുണ്ടായി. അതിന്റെ അനുഗ്രഹങ്ങൾ കേട്ടതിനുശേഷം ഒരു വനിത ആയിരം യൂറോ അത് ആഭരണങ്ങൾ വാങ്ങാനായി വെച്ചതായിരുന്നു. നൽകി. ജർമ്മനി ജമാഅത്തിലെ ഒരുപാട് ലജ്നകൾ അവരുടെ ആഭരണങ്ങൾ തഹ്രീകെ ജദീദിനായി നൽകി. ഒരു സഹോദരിക്ക് ഒരു കുറിയുണ്ടായിരുന്നു. അതിലെ മുഴുവൻ തുകയും നൽകി പറയുന്നു. ഒരു സ്ഥലത്ത് ഞാൻ പര്യടനത്തിലായിരുന്നു. അവിടെ ഒരു സഹോദരൻ എനിക്ക് ഇദ്ദേഹം ഇൻസ്പെക്ടർ ആയിരുന്നു. ഒരു ചീട്ട് നൽകി അതിൽ എഴുതിയിരുന്നു. ഇരുപതിനായിരം യൂറോ ചന്ദ തഹ്രീകെ ജദീദ് അതിന് താഴെ എഴുതിയിരുന്നു. എന്റെ പേര് വെളിപ്പെടുത്തരുത്. അദ്ദേഹം പറയുന്നു. ഞാൻ മറ്റൊരു സ്ഥലത്ത് പോയപ്പോൾ അവിടെ ഞാൻ ഈ ഉദാഹരണം. ഈ വിധത്തിൽ ആളുകൾ ത്യാഗം ചെയ്യുന്നുവെന്ന് പറഞ്ഞുകൊണ്ട് പറയുകയുണ്ടായി. മീറ്റിംഗ് കഴിഞ്ഞപ്പോൾ അവിടെയും ഒരു സഹോദരൻ ഒരു ചീട്ട് എനിക്ക് നൽകി. അതിൽ എഴുതിയിരുന്നു. തഹ്രീക് ജദീദ് ചന്ദയായി 21000 യൂറോ അതിൽ താഴെ എഴുതിയിരുന്നു എന്റെ പേര് വെളിപ്പെടുത്തരുത്.

ഇത് ഞാൻ എടുത്ത ഏതാനും സംഭവങ്ങളാണ്. ഇത്തരം അനേകം സംഭവങ്ങളുമുണ്ട് ഒരു പക്ഷെ ഈമാൻ വർദ്ധിക്കാൻ കാരണമായ ഇതിനെക്കാൾ വലിയ സംഭവങ്ങൾ ഉണ്ടായിരിക്കാം. ഞാൻ ഇതെല്ലാം പ്രത്യേകം തിരഞ്ഞെടുത്തതോ ശ്രദ്ധയോടെ എടുത്തതോ അല്ല അല്ലാഹു ഈ ത്യാഗം ചെയ്ത എല്ലാവരുടെയും ജീവനിലും സമ്പത്തിലും അളവറ്റ അനുഗ്രഹം ചൊരിയുമാറാകട്ടെ.

ഇതിനുശേഷം ഞാൻ രീതിയനുസരിച്ച് കഴിഞ്ഞ വർഷത്തെ സ്ഥിതി വിവരക്കണക്കുകൾ കേൾപിക്കുകയും തഹ്രീഖെ ജദീദിന്റെ 78-ാം വർഷം വിളംമ്പരപ്പെടുത്തുകയും ചെയ്യാം. അല്ലാഹു ഈ പുതിയ വർഷത്തേയും അളവറ്റ ബർക്കത്തുകൾ കൊണ്ട് അനുഗ്രഹിക്കുമാറാകട്ടെ.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ കഴിഞ്ഞ വർഷം തഹ്രീഖെ ജദീദിന്റെ 77-ാം മത്തെ സാമ്പത്തിക വർഷമായിരുന്നു. ഈ സെപ്തംബറിൽ അത് അവസാനിച്ചു. ഇതുവരെ വന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തഹ്രീഖെ ജദീദിന്റെ സാമ്പത്തിക പദ്ധതിയിൽ 6821000 പൗണ്ടിന്റെ ത്യാഗം ജമാഅത്ത് നൽകുകയുണ്ടായി. അൽഹംദുലില്ലാഹ് ഈ വസൂലി കഴിഞ്ഞ വർഷത്തെ വസൂലിയേക്കാൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ 1162000 പൗണ്ട് കൂടുതലാണ്. ഒരു വർഷത്തിൽ മുമ്പെങ്കിലും ചന്ദയിൽ ഇത്ര വർദ്ധനവ് ഉണ്ടായിട്ടില്ല. ഈ വർദ്ധനവ് ചന്ദ നൽകുന്ന ആളുകളുടെ എണ്ണത്തിലും ഉണ്ടായിട്ടുണ്ട്. ത്യാഗത്തിന്റെ നിലവാരവും വളരെ അധികം ഉയർന്നിട്ടുണ്ട്. ലോകത്തിന്റെ സാമൂഹിക അവസ്ഥ ഞാൻ പറഞ്ഞത്പോലെ അധപതിച്ച് കൊണ്ടിരിക്കുകയാണ്. പ്രത്യേകിച്ച് യൂറോപ്പിലെ. അല്ലാഹു ഈ സംഖ്യയിലും അനുഗ്രഹം ചൊരിയട്ടെ. ജമാഅത്തിന്റെ പദ്ധതികൾ പൂർത്തിയാക്കാനുള്ള തൗഫീഖ് നൽകുമാറാകട്ടെ. യാതൊരുവിധ പ്രതിസന്ധിയുമില്ലാതെ അത് പൂർത്തിയായിക്കൊണ്ടിരിക്കട്ടെ. ഏതുപോലെ ലോകത്തിന്റെ സാമ്പത്തിക പ്രതിസന്ധി ചന്ദയിൽ കുറവ് വരുത്തിയില്ലയോ ത്യാഗത്തിൽ കുറവ് വന്നില്ലയോ അതുപോലെ ഈ സാമ്പത്തിക പ്രതിസന്ധി നമ്മുടെ പദ്ധതികൾക്ക് ഒരു പ്രതിസന്ധിയും സൃഷ്ടിക്കാതിരിക്കാൻ അല്ലാഹു സഹായിക്കട്ടെ. അല്ലാഹുവിന്റെ അനുഗ്രഹത്താൽ പാകിസ്ഥാനിൽ മോശമായ സാമ്പത്തിക സാമൂഹിക അവസ്ഥയായിട്ടും തങ്ങളുടെ ത്യാഗത്തിന്റെ നിലവാരം നില

നിർത്തിയിരിക്കുന്നു. ഒന്നാം സ്ഥാനത്ത് അവർ നില കൊള്ളുന്നു. അതിന് ശേഷം രണ്ടാംസ്ഥാനത്ത് ജർമ്മനിയായിരുന്നു മുമ്പ് ഈ വർഷം അമേരിക്കയാണ്.മൂന്നാം സ്ഥാനത്ത് ജർമ്മനിയാണ്. നാലാം സ്ഥാനത്ത് ബ്രിട്ടനാണ്. യു.കെ. കഴിഞ്ഞ വർഷം പാക്കിസ്ഥാന് ശേഷം രണ്ടാംസ്ഥാനത്താനമായിരുന്നു. മൂന്നാം സ്ഥാനം അമേരിക്കയുടേതായിരുന്നു. നാലാം സ്ഥാനം ജർമ്മനിക്കായിരുന്നു. ജർമ്മനി നാലാം സ്ഥാനത്ത് നിന്ന് മൂന്നാം സ്ഥാനത്ത് എത്തിയിരിക്കുന്നു. വളരെ വലിയ ത്യാഗം ചെയ്താണ് എത്തിയിരിക്കുന്നത്. കാനഡ മുമ്പത്തെപോലെ അഞ്ചാം സ്ഥാനത്താണ്. ഇന്ത്യ ആറാം സ്ഥാനത്താണ്. ഇന്തോനേഷ്യയും സാമ്പത്തികമായി ഒരുപാട് ത്യാഗങ്ങൾ ചെയ്തിട്ടുണ്ട്. എന്നിരുന്നാലും ഇന്ത്യയിലെ ജമാഅത്തുകൾ കൂടുതലായി ത്യാഗം ചെയ്തു അതുകൊണ്ട് ഇന്തോനേഷ്യ 7-ാം സ്ഥാനത്ത് എത്തി ഓസ്ട്രേലിയ 8-ാം സ്ഥാനത്താണ്. ഒരു അറേബ്യൻ രാജ്യം അതിന്റെ പേര് പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. അത് 9-ാം സ്ഥാനത്താണ്. സ്വിറ്റ്സർലന്റ് 10-ാം സ്ഥാനത്താണ്.

ആളോഹരി ചന്ദ നൽകിയതിന്റെ അടിസ്ഥാനത്തിൽ ആ അറബി രാജ്യത്തെ മാറ്റി നിർത്തിയാൽ 118 പൗണ്ടിന്റെ അടിസ്ഥാനത്തിൽ അമേരിക്ക ഒന്നാം സ്ഥാനത്ത്, പിന്നീട് സ്വിറ്റ്സർലന്റ്, പിന്നീട് ബെൽജിയം, എന്നിങ്ങനെ. പ്രാദേശിക കറൻസിയുടെ അടിസ്ഥാനത്തിൽ ഉണ്ടായ വർദ്ധനവ് അതിൽ ജർമ്മനി ഏറ്റവും കൂടുതലാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഞാൻ പറഞ്ഞത്പോലെ ത്യാഗം ചെയ്യുന്നവരുടെ എണ്ണത്തിലും വർദ്ധനവുണ്ടായിട്ടുണ്ട്. ഈ വർഷം 109000 പുതുതായി ചന്ദ നൽകുന്നവർ പങ്കാളികളായി. അങ്ങനെ ഈ സംഖ്യം കഴിഞ്ഞ വർഷത്തേക്കാൾ 109000 വർദ്ധിച്ചു. എന്നാൽ ഇതിൽ ഇനിയും ഒരുപാട് ഇടം ബാക്കിയായിട്ടുണ്ട്. ഞാൻ ആഫ്രിക്കൻ ജമാഅത്തുകളോട് പറഞ്ഞതനുസരിച്ച് നൈജീരിയ ഇതിൽ വളരെ നന്നായി പ്രവർത്തിച്ചു. ആഫ്രിക്കൻ ജമാഅത്തുകളിൽ മൊത്തത്തിലുള്ള വസൂലിയുടെ അടിസ്ഥാനത്തിൽ ഘാന ഒന്നാം സ്ഥാനത്താണ്. ഇതിന് ശേഷം മൗറിഷസ്, പിന്നീട് നൈജീരിയ വളരെ വലിയ വർദ്ധനവ് വരുന്നവരിൽ ഗാംമ്പിയ, ബൊക്കിനോഫാസോ, നെച്ചികോഷ് ഉൾപ്പെടുന്നു. പങ്കാളികളുടെ എണ്ണം വർദ്ധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ നൈജീരിയ മുഴുവൻ ലോകത്തെ രാജ്യങ്ങളിൽ ഒന്നാം സ്ഥാനത്താണ്. അവർ ഈ വർഷം 56000 ആളുകളുടെ വർദ്ധനവ് വരുത്തി. ഇതിന്ശേഷം സിറാലിയൂൻ ഐവറികോസ്റ്റ്, ബൊക്കിനോഫാസോ മുതലായവയാണ്.

മർകസ് ഓഫീസ് കണക്കനുസരിച്ച് ഒന്നാം ലഢ്ജറിലെ മുജാഹിദീങ്ങളുടെ ആകെ എണ്ണം 5927 ആണ്. അതിൽ 340 പേർ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജീവിച്ചിരിക്കുന്നവരാണ്. അവർ സ്വയം അവരുടെ ചന്ദ നൽകിക്കൊണ്ടിരിക്കുന്നു. ബാക്കി വഫാത്തായവരുടെ ചന്ദ അവരുടെ പിൻതലമുറക്കാർ നൽകിക്കൊണ്ടിരിക്കുന്നു. പാക്കിസ്ഥാനിലെ ചന്ദയുടെ കണക്കനുസരിച്ചുള്ള മൂന്ന് വലിയ ജമാഅത്തുകൾ ഒന്നാം സ്ഥാനം ലാഹോർ, രണ്ടാം സ്ഥാനം റബ്വ, മൂന്നാം സ്ഥാനം കറാച്ചി. പട്ടണ ജമാഅത്തുകളിൽ പത്ത് ജമാഅത്തുകൾ 1 റാവൽ പിണ്ടി, 2 ഇസ്ലാമാബാദ്, 3 ക്വെയ്റ്റ, 4 ഒക്കാട 5 ഹൈദരാബാദ് 6 പിശാവർ 7 വീർപൂർഖാസ് 8 റാവൻപൂർ 9 സേരഖാസിഖാൻ 10 നവാബ്ശാഅ്

ജില്ല അടിസ്ഥാനത്തിൽ ധനത്യാഗത്തിൽ പാക്കിസ്ഥാനിലെ ജില്ലകളുടെ സ്ഥാനം സിയാൽ കോട്ട് ഒന്നാം സ്ഥാനം, 2 ഉമർകോട്ട്, ഉമർകോട്ടിൽ ഈ വർഷം പ്രത്യേകിച്ച് മിർപൂർ ഖാസിൽ മഴ ഒരുപാട് നഷ്ടം വരുത്തി ഇവിടെ അധികം ജമാഅത്തുകൾ കൃഷിക്കാരുടേതാണ്. എന്നിട്ടും അവർ അവരുടെ ത്യാഗം നിലനിർത്തി. 3 സർഗോദ , 4 ശേഖ്പുര, 5 ഗുജറാത്ത്, 6 ബഹാവൽപൂർ, 7 മുദ്ദിൻ, 8 നാരോവാൾ, 9 സാന്തൻ പത്താം സ്ഥാനത്ത് മിർപൂർ, ആസാദ് കഷ്മീർ, ഹാഫിസാബാദ്

അമേരിക്കയിലെ ആദ്യത്തെ പത്ത് ജമാഅത്തുകൾ ലോസ് ഏഞ്ചലസ്, ഇംഗ്ലണ്ട് എംമ്പയർ, ട്രികട്രാറ്റ് മൂന്ന്, സിലക്കൻ വലി, ശിക്കാരോ വെസ്റ്റ്, ഐസ്ബർഗ്, ബെനിസ്, ലോസ് ഐൻജലസ്, വെസ്റ്റ് ബോസ്ടൻ എൽവർസ്പെയിൻ, പോർട്ട് മിനീട്ട്.

ജർമ്മനിയിലെ ജമാഅത്തുകൾ നോയിഡൻമാർക്ക്, നോയെസ്, കോളോൺ, ഫ്ളോറിസയിം, ഒറിസ്ബർഗ്, നോയിസ്, ഈസൺബർഗ്, കാൾസ് റൂബ, മെഹ്ദിയാ ആബാദ്, ഓങ്സെ, മാൾബർഗ്. വസൂലിയനുസരിച്ച് ജർമ്മനിയിലെ ആദ്യത്തെ പത്ത് ലോക്കൽ ജമാഅത്തുകൾ ഹാംബർഗ്, ഫ്രാൻഗ്ഫ്രേട്ട്, ഗ്ലോസ്കലോ, ഗാബ്റ്റർ, വിസ്ബട്ടൺ, മാൻഹൈമിം, ലിംങ്ങ്സ്റ്റർബ്, ലക്സൻ ബർഗ്, ഓഫൺ ബർഗ്.

യു.കെ. യിലെ പത്ത് വലിയ ജമാഅത്തുകൾ വസൂലിയനുസരിച്ച്. മസ്ജിദ് ഫസൽ ലണ്ടൻ, ന്യൂവോസേൺ, മോസ്റ്റർ പാർക്ക്, സ്കാൻതോപ്, മോസ്ക്വെസ്റ്റ്, വെസ്റ്റഫിൻ, ബൈത്തുൽ ഫുത്തൂഹ്, ഗ്രീൻസ് പാർക്ക് മാൻജസ്റ്റർ സൗത്ത്. മൂന്ന് റീജനുകൾ, ലണ്ടൻ റീജൻ ഒന്നാം സ്ഥാനത്ത് പിന്നെ നോർ ഈസ്റ്റ് റീജൻ, പിന്നെ മിഢ്ലാന്റ് റീജൻ.

വസൂലിയനുസരിച്ചുള്ള ചെറിയ ജമാഅത്തുകൾ നോമ്ലെ, ആഗെഷ്യം, ഹാംബ്റ്റൻ, സ്പെൻവാലി, കേലെ

കാനഢയിലെ ജമാഅത്തുകൾ ഹാമിൻട്ടൻ, ബോൺവെസ്റ്റ്, പീസ് വില്ലേജ് വെസ്റ്റ്, സെവൈ ഈസ്റ്റ്, സ്വിസ്കാട്ടൂൺ

ഇന്ത്യയിലെ ജമാഅത്തുകൾ ഇന്ത്യയുടെ സ്ഥാനം അവസാനമാണ്. അവസാനമല്ല ചെറിയ സ്ഥാനമാണ്. എന്നാൽ പേരെടുത്ത് പറയാനുള്ള കാരണം ഈ രാജ്യത്താണ് ഖാദിയാനുള്ളത്. ഈ സ്ഥലത്താണ് ഹദ്റത്ത് മസീഹ് മൗഊദ് (അ) അവതീർണ്ണരായത്. അദ്ദേഹത്തിന്റെ പട്ടണമാണ്. സ്റ്റേറ്റ് അടിസ്ഥാനത്തിൽ കേരളം ഒന്നാം സ്ഥാനത്താണ്. തമിഴ്നാട് രണ്ടാം സ്ഥാനം, ആന്ദ്ര മൂന്നാം സ്ഥാനത്ത്, ജമ്മു കശ്മീർ, ബംഗാൾ, കർണാട്ടക്, ഒഢിസ, പഞ്ചാബ്, യു.പി, ഡൽഹി

ജമാഅത്തുകളിൽ കരുളായി, കാലിക്കറ്റ്, ഹൈദരാബാദ്, കൽക്കത്ത, കണ്ണൂർ ടൗൺ, ഖാദിയാൻ ആറാം സ്ഥാനത്ത് കോയമ്പത്തൂർ, ചെന്നൈ, പഴയങ്ങാടി, ഡൽഹി.

ഇപ്രാവശ്യം ചിലർ തങ്ങളുടെ ചന്ദയിൽ അസാധാരണമായ വർദ്ധനവ് വരുത്തിയിട്ടുണ്ട്. തഹ്രീകെ ജദീദിന്റെ ചന്ദ മർകസി ചന്ദയാണ്. ഇതിൽ പ്രാദേശിക ജമാഅത്തിനോ അതത് രാജ്യത്തിനോ ഭാഗം ഉണ്ടാകാറില്ല. മർകസ്സിന്റെ പ്രൊജക്റ്റുകൾ ഇന്ത്യയിലുമുണ്ട്. മറ്റു ദരിദ്ര രാജ്യങ്ങളിലുമുണ്ട്. ആഫ്രിക്കയിലുമുണ്ട്. അതല്ലെങ്കിൽ കേന്ദ്രത്തിലുള്ള ചിലവുകൾ ഇതിനായാണ് ഇത് വിനിയോഗിക്കുന്നത്. എന്നാൽ ഇപ്രാവശ്യം അസാധാരണ നിലയിലുള്ള വസൂലി ഉള്ളത്കൊണ്ട് അമേരിക്കയും അസാധാരണ നിലയിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്. ഏകദേശം 188000 ഡോളറിന്റെ അല്ല പൗണ്ടിന്റെ അതുകൊണ്ട് അവരുടെ ഡോളർ സംഖ്യയനുസരിച്ച് അവർക്ക് അതിനുള്ള അവകാശമില്ല. എന്നിരുന്നാലും ഞാൻ ഇപ്രാവശ്യം അവർക്ക് ഇതിൽ നിന്ന് ഒരുലക്ഷം ഡോളർ നൽകുന്നു. ജർമ്മനിയും അസാധാരണ നിലയിലുള്ള വർദ്ധനവ് വരുത്തിയിട്ടുണ്ട്. മൂന്ന് ലക്ഷത്തിൽ കൂടുതൽ അതുകൊണ്ട് അവർക്ക് ഇതിൽ നിന്നും ഒന്നര ലക്ഷം യൂറോ നൽകുന്നു. ഇത് നൽകാനുള്ള കാരണം അമേരിക്കയിലും ജർമ്മനിയിലും പള്ളികൾ നിർമ്മിച്ച്കൊണ്ടിരിക്കുകയാണ്. ഈ സംഖ്യ അവർ പള്ളികൾക്കായി ചിലവഴിക്കുന്നു.

യു.കെ.യുടെ വർദ്ധനവും വളരെ അധികമാണ്. എന്നാൽ ആദ്യത്തെ

രണ്ട് ജമാഅത്തുകളുടെ അത്രയില്ല. അതുകൊണ്ട് അമ്പതിനായിരം പൗണ്ട് അവർക്കും മസ്ജിദുകൾ നിർമിക്കാനായി നൽകുന്നു. കാരണം പള്ളി നിർമ്മാണത്തിലേക്ക് നിങ്ങളും ശ്രദ്ധിക്കാൻ തുടങ്ങിയിരിക്കുന്നു. അല്ലാഹു എല്ലാ വിധത്തിലും ഇത് അനുഗ്രഹീതമാക്കട്ടെ. തുടർന്നും ഉപരിയായി ത്യാഗത്തിനുള്ള തൗഫീഖ് നൽകുമാറാകട്ടെ. ഈ എല്ലാവരുടെയും സമ്പത്തിലും ജീവനിലും അളവറ്റ അനുഗ്രഹം വർഷിക്കട്ടെ.

ഇപ്പോൾ ജുമുഅക്ക് ശേഷം ഞാനൊരു ജനാസ ഗാഇബ് നമസ്ക്കരിപ്പിക്കും. അത് നമ്മുടെ ഒരു മഹാത്മാവായ മസൂദ് അഹ്മദ് ഖാൻ സാഹിബ് ദഹ്‌ലവിയുടേതാണ്. അദ്ദേഹം നവം.3 ന് രാവിലെ മൂന്ന് മണിക്ക് 91-ാം വയസ്സിൽ വഫാത്തായി. ഇന്നാ ലില്ലാഹി.....വളരെ പഴയ ഒരു ഖാദിമെ സിൽസിലയാണ്. വഖ്ഫെ സിന്ദഗിയായിരുന്നു. അൽഫസൽ ദിനപത്രത്തിന്റെ എഡിറ്റർ ആയിട്ടുണ്ട്. 1920 ൽ ഡൽഹിയിലാണ് ഇദ്ദേഹം ജനിച്ചത്. ഇദ്ദേഹത്തിന്റെ പിതാവ് സഹാബിയായിരുന്നു. 1900 ൽ അദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ് (അ) ൽ ബൈഅത്ത് ചെയ്തു. ഇദ്ദേഹത്തിന്റെ പിതാമഹനും സഹാബിയായിരുന്നു. അദ്ദേഹം 1890 ൽ ഹദ്റത്ത് മസീഹ് മൗഊദ അ) ൽ ബൈഅത്ത് ചെയ്തു. 1940 ൽ ബഹുമാനപ്പെട്ട ദഹ്‌ലവി സാഹിബ് ജീവിതം വഖ്ഫ് ചെയ്തു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി (റ) അൽഫസൽ ദിനപത്രത്തിന്റെ അസിസ്റ്റന്റ് എഡിറ്ററായി അദ്ദേഹത്തെ നിശ്ചയിച്ചു. പിന്നീട് പഞ്ചാബ് യൂണിവേഴ്സിറ്റി ലാഹോറിൽ നിന്നും ജേർണലിസത്തിൽ പോസ്റ്റ് ഗ്രാജ്വേഷൻ ചെയ്യിപ്പിച്ചു. 1940 മുതൽ 71 വരെ അൽഫസൽ ദിനപത്രത്തിന്റെ സഹപത്രാധിപരായി സേവനം ചെയ്യാനുള്ള തൗഫീഖ് ലഭിച്ചു. 71 മുതൽ 88 വരെ അൽഫസൽ ദിനപത്രത്തിന്റെ എഡിറ്ററായിക്കൊണ്ട് സേവനം ചെയ്യാൻ തൗഫീഖ് ലഭിച്ചു. ഇങ്ങനെ ആകെ 43 വർഷം ഖാദിയാനിലേയും ലാഹോറിലെയും റബ്‌വയിലേയും അൽഫസൽ സ്ഥാപനവുമായി ബന്ധപ്പെട്ടു ജീവിച്ചു. 46 ൽ ഖാദിയാനിൽ ആക്ടിങ് സെക്രട്ടറി തബ്ശിറായി സേവനം ചെയ്യാൻ തൗഫീഖ് ലഭിച്ചു. 47 ൽ സങ്കീർണ്ണമായ അവസ്ഥയിൽ ആ സമയത്തെ നാസിൽ ഉമൂറെ ആമ വാരികയുടെ അസിസ്റ്റന്റ് ആയി സേവനം ചെയ്യാൻ തൗഫീഖ് ലഭിച്ചു. പിന്നീട് 1950 മുതൽ 1953 ലെ കലാപ കുലിശത കാലത്ത് അദ്ദേഹം റിപ്പോർട്ടിങ്ങുമായി ബന്ധപ്പെട്ട് വളരെ നല്ല സേവനം കാഴ്ചവെച്ചു. 1960 മുതൽ 73 വരെ പാക്കിസ്ഥാനിലെ അൻസാറുല്ലായുടെ മാസികയായ അൻസാറുല്ലാ മാസികയുടെ എഡിറ്ററായിരുന്നു. 74 ലും ഒരുപാട് ഉത്തരവാദിത്വങ്ങൾ കൂടി. അതെല്ലാം നല്ല നിലയിൽ നിർവ്വഹിച്ചു. 75 ഉം 76 ഉം 80ഉം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസിന്റെ യൂറോപ്പ്, അമേരിക്ക, കാനഡ പടിഞ്ഞാറൻ ആഫ്രിക്കയിലെ പര്യടനത്തിൽ അദ്ദേഹത്തോടൊപ്പം പോകാനുള്ള തൗഫീഖ് ലഭിച്ചു. 82ൽ ഖലീഫത്തുൽ മസീഹ് റാബിഅ്നോടൊപ്പം സ്പെയിനിലെ മസ്ജിദ് ബശാറത്ത് ന്റെ ഉദ്ഘാടനവസരത്തിൽ പോയി. 79 ൽ ഖലീഫത്തുൽ മസീഹ് റാബിന്റെ നിർദ്ദേശാനുസരണം ജമാഅത്ത് അഹ്മ്മദിയ ജർമ്മനിയിൽ ഖസാ വ്യവസ്ഥിതി സ്ഥാപിക്കാനുള്ള തൗഫീഖ് ലഭിച്ചു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഇന്റെ നിർദേശപ്രകാരം ജമാഅത്ത് അഹ്മ്മദിയ്യ ജർമ്മനിയിൽ ഖസാ വ്യവസ്ഥിത സ്ഥാപിക്കാനുള്ള തൗഫീഖ് ലഭിച്ചു. ഹദ്റത്ത് ഖലീഫത്തുൽ മസിഹ് റാബിഇന്റെ ഇംഗ്ലീഷ് ഗ്രന്ഥത്തിന്റെ ഉറുദു തർജ്ജമ ഇദ്ദേഹം നിർവഹിച്ചു. ..... സ്വയം സഫറെ ഹയാത്ത് തുടങ്ങിയ രണ്ട് മൂന്ന് പുസ്തകങ്ങൾ എഴുതി. അദ്ദേഹത്തിന്റെ മക്കൾ ഇർഫാൻ അഹ്മദ് ഖാൻ സാഹിബ് ജർമ്മനിയിലാണ്. ഉസ്മാൻഖാൻ സാഹിബ് ജർമ്മനിയിലാണ്. ഡോക്ടർ ഇമ്റാൻ ഖാലിദ് റബ്‌വയിലാണ് വളരെ നല്ല സാധാരണ പ്രകൃതക്കാരനായ ആളായിരുന്നു. ജർമ്മനിയിലെ ജലസയിൽ എല്ലാ വർഷവും വരുന്നുണ്ടായിരുന്നു. ഇവിടെയും വരാറുണ്ടായിരുന്നു. ഞാൻ ഇപ്പോൾ രണ്ടാം പ്രാവശ്യം പോയപ്പോൾ അദ്ദേഹത്തിന്റെ ആരോഗ്യ അവസ്ഥ വളരെ മോശമായിരുന്നു. എന്നാൽ ഞാൻ വന്നത് അറിഞ്ഞപ്പോൾ ഹോസ്പിറ്റലിൽ നിന്ന് പുറത്ത് വന്ന് എത്രയും പെട്ടെന്ന് എന്റെ പിന്നിൽ നമസ്ക്കരിക്കാനായി പള്ളിയിൽ അവസരം ലഭിക്കണം എന്ന ചിന്തയാണുണ്ടായിരുന്നത്. എന്നിരുന്നാലും അദ്ദേഹം വന്നു ജുമുഅ ദിവസം. ജുമുആയും നമസ്ക്കരിച്ചു. സാധാരണയായി ഞാൻ ജുമുആക്ക് ശേഷമോ അല്ലങ്കിൽ മറ്റേതെങ്കിലും നമസ്ക്കാരത്തിന് ശേഷമോ പള്ളിയിൽ വെച്ച് മുലാഖാത്ത് നടത്താറില്ല. എന്നാൽ ആ ദിവസം അദ്ദേഹത്തെ കാണണമെന്ന വലിയ ഒരു ചിന്തയെനിക്കുണ്ടായി. അങ്ങനെ ജുമുഅക്ക് ശേഷം അദ്ദേഹത്തെ കണ്ടു. ഇത് അവസാനത്തെ മുലാഖാത്ത് ആയിരുന്നു. അല്ലാഹു അദ്ദേഹത്തിന്റെ സ്ഥാനം ഉയർത്തുമാറാകട്ടെ.

KHUTBA: HADRAT MIRZA MASROOR AHMED (atba)
on 2011 November 28 at : Baitul Futuh London
Translation: Sulthan Naseer Vaniyambalam 09544274240

Typing: M.P. Abdul latheef Calicut.
Page Layout: T. Jamshad Mukkam
Published by: **Majlis Khuddamul Ahmadiyya, North Kerala**